# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **7612** 15.07.2014 ലെ മറുപടിയ്ക്ക്

## പുന്നപ്ര- വയലാർ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷനിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ-യെന്ന് അറിയിക്കുമോ; | (എ) | പുന്നപ്ര -വയലാർ സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പെൻഷനിൽ കുടിശ്ശിക വരുത്തിയിട്ടില്ല |
| (ബി) പ്രസ്തുത പെൻഷനോടൊപ്പം എത്ര ശതമാനം ഡി. എ. ആണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | 60 ശതമാനം ഡി. എ. നൽകി വരുന്നു. |
| (സി) പ്രസ്തുത ഡി. എ. അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് അറിയിക്കുമോ; | (സി) | പ്രസ്തുത ഡി.എ. 10.9.2012 ലാണ് അവസാനമായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.(ഇതിന് 01.08.2012 മുതൽ പ്രാബല്യമുണ്ട്) |
| (ഡി) വിലക്കയറ്റം ഇത്രയേറെ രൂക്ഷമായിട്ടും ജീവിതച്ചെലവുകൾ വൻതോതിൽ വർദ്ധിച്ചിട്ടും പുന്നപ്ര-വയലാർ സ്വാതന്ത്ര്യസമര സേനാനികളുടെ പെൻഷനും ഡി.എ.യും വർദ്ധിപ്പിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്ത-മാക്കുമോ; | (ഡി)യും (ഇ) യും | പുന്നപ്ര- വയലാർ സ്വാതന്ത്ര്യ സമര സേനാനികളെ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പെൻഷൻ നൽകിവരുന്നത്. കേരള സ്വാതന്ത്ര്യ സമര സേനാനി-കൾക്കുള്ള പെൻഷൻ, 10.09.2012-ൽ ക്ഷാമബത്ത ഉൾപ്പെടെ 1000/- രൂപ വർദ്ധിപ്പിച്ച് 9800/- രൂപ നൽകിവരുന്നുണ്ട്. (ഇതിന് 01.08.2012 മുതൽ പ്രാബല്യ-മുണ്ട്). സർക്കാരിന് അധിക സാമ്പത്തിക ബാധ്യത |

(Contd...)

(ഇ) പ്രസ്തുത പെൻഷനും ഡി. എ. യും വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?

ഉണ്ടാക്കുന്നതാകയാൽ സ്വാതന്ത്ര്യ സമര സേനാനി പെൻഷനും ഡി. എ. യും വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണന- യിലില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ